**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5714** **08-11-2021 - ൽ മറുപടിയ്ക്ക്**

**സ്വകാര്യപണമിടപാട്ടുകാരെ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യപണമിടപാട്ടുകാർ അമിതമായ പലിശ ഈടാക്കുന്നത് നിയന്ത്രിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | 1958 ലെ കേരള മണിലെന്റേർസ് നിയമത്തിലെ 18 (D) (7) വകുപ്പ് പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന പലിശ നിരക്കിനേക്കാൾ അധികം പലിശ ഈടാക്കിയതായി ബോധ്യം വന്നാൽ ടി നിയമപ്രകാരം നിയമിതനായിട്ടുള്ള ഇൻസ്പെക്ടർക്കോ ലൈസൻസിങ് അതോറിറ്റിക്കോ മണിലെൻഡർക്ക് എതിരെ പിഴ ചുമത്തുന്നതിനും അധികമായി ഈടാക്കിയ പലിശ കണ്ടുകെട്ടുന്നതിനും വ്യവസ്ഥയുണ്ട്. ടി നിയമത്തിലെ വകുപ്പ് 9 പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ള മണി ലെൻഡേഴ്സിന്റെ കണക്കുകളും വാർഷിക ആഡിറ്റ് റിപ്പോർട്ടും അനുബന്ധ രേഖകളും പരിശോധിച്ച് അമിതമായ പലിശ ഈടാക്കുന്നുണ്ടോ എന്ന് ബന്ധപ്പെട്ട ഇൻസ്പെക്ടർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നുണ്ട് . കൂടാതെ സംസ്ഥാനത്ത് അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാട്ടുകാരെ നിയന്ത്രിക്കുവാൻ 'ഓപ്പറേഷൻ കുബേര' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിയമവിരുദ്ധമായി അമിത പലിശയ്ക്ക് പണമിടപാടുകൾ നടത്തുന്ന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തി രേഖകൾ ബന്തവസ്സിലെടുത്ത് കുറ്റക്കാർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ പ്രകാരവും The Kerala Money Lenders Act 1958, The Kerala Prohibition of Charging Exorbitant Interest Act 2012 എന്നീ നിയമങ്ങൾ പ്രകാരവും നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | സ്വകാര്യ പണമിടപാട്ടുകാരെ സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | സ്വകാര്യ പണമിടപാട്ടുകാരെ സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ കേരള മണി ലെന്റേഴ്സ് ആക്ട് 1958 പ്രകാരം അമിത പലിശ ഈടാക്കുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്കെതിരെ പിഴ ചുമത്തികൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള അധികാരം നിയമപ്രകാരം നിയമിതനായിട്ടുള്ള ഇൻസ്പെക്ടറിലും ലൈസൻസിങ് അധികാരിയിലും നിക്ഷിപ്തമാണ്. ടി ഉത്തരവ് പാലിക്കാത്ത |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിൽ ലൈസെൻസ് റദ്ദാക്കുക, സെക്യൂരിറ്റി തുക കണ്ടുകെട്ടുക എന്നീ നടപടികൾ കൈക്കൊള്ളുവാനും അധികാരികൾക്ക് സാധിക്കും. എന്നാൽ കൂടുതൽ ഗുരുതരമായ കുറ്റങ്ങളായ പണയം തിരികെ കൊടുക്കാതിരിക്കുക, നിയമവിധേയമല്ലാത്ത പണയമുതൽ വിറ്റഴിക്കുക എന്നീ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് ആറു മാസം വരെ തടവ് ശിക്ഷ നൽകുന്നതിനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. സ്വകാര്യ പണമിടപാടുകാർക്കെതിരെ വരുന്ന പരാതികൾ ലഭിച്ചാൽ അതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ The Kerala Money Lenders Act 1958, The Kerala Prohibition of Charging Exorbitant Interest Act 2012 എന്നീ നിയമങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സ്വകാര്യപണമിടപാടുകാരെ നിയന്ത്രിക്കുവാൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (സി) | കേരളത്തിൽ മണി ലെൻഡിങ്ങിൽ ഏർപ്പെടുന്ന വ്യക്തികൾക്കും പാർട്ണർഷിപ്പുകൾക്കും കേരള മണി ലെന്റേഴ്സ് ആക്ട് 1958 വകുപ്പ് 3 പ്രകാരം രജിസ്ട്രേഷൻ സംവിധാനം നിലവിൽ ഉണ്ട്. കേരള മണിലെന്റേഴ്സ് ആക്ടിന് കീഴിൽ 2021 മാർച്ച് 31 വരെ സംസ്ഥാനത്ത് 11,237 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ